

# അതിരപ്പിള്ളിയിൽ ടൂറിസം വിളയുന്നു

*അപർണ്ണാ ശങ്കർ*

മലമ്പുഴകഴിഞ്ഞാൽ കേരളത്തിൽ ഏറ്റവുമധികം തദ്ദേശിയരായ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന കേന്ദങ്ങളിലൊന്നാണ് തൃശൂർ ജില്ലയിലെ അതിരപ്പിള്ളി- വാഴച്ചാൽ ജലപാതകൾ. ഈ വെള്ളച്ചാട്ടങ്ങളും പെരിങ്ങൽക്കുത്ത് -ഷോളയാർ-അപ്പർ, ഷോളയാർ ഡാമുകളും കടന്ന് തമിഴ്നാട്ടിലെത്തുന്ന റോഡും ടൂറിസ്റ്റുകളുടെ ഏറ്റവും തിരക്കേറിയ റൂട്ടുകളിലൊന്നാക്കി ഇതിനെ മാറ്റുന്നു.

ഇത്തരമൊരുസാധ്യത കണ്ടറിഞ്ഞുകൊണ്ടാണ് നാലിൽപരം അമ്യൂസ്മെൻറ് പാർക്കുകളും റിസോർട്ടുകളും എണ്ണമറ്റഹോട്ടലുകളും റെസ്റ്റോറൻറുകളുമൊക്കെ അതിരപ്പിള്ളി -ചാലക്കുടിപാതയിൽ ഉയർന്നുവരുന്നത് കേരളപ്ലാൻേറഷൻ കോർപ്പറേഷൻ പിള്ളപാറയിൽ സ്ഥാപിക്കുന്ന ടൂറിസ്റ്റ് റിസോർട്ടുൾപ്പെടെ ഈ മേഖലയിൽ നിർമ്മിക്കപ്പെടുന്ന പദ്ധതികൾ ഇതിനകംതന്നെ വിവാദമായി കഴിഞ്ഞിരിക്കുന്നു. ഫാം ടൂറിസമെന്നും ഇകോടൂറിസമെന്നുമൊക്കെയുള്ള പേരുകൾക്കുപുറകെ പതിയിരിക്കുന്ന ഭീകരതകൾ കണ്ടറിഞ്ഞ് പ്രതികരിക്കാനുള്ള ശ്രമത്തിലാണ് നാട്ടുകാരിപ്പോൾ. വരാൻ പോകുന്ന തൊഴിൽസാധ്യതകളെപറ്റിയുള്ള വാഗ്ദാനങ്ങളും പുതിയ വ്യാപാര വാണിജ്യ സാധ്യതകളെ പറ്റിയുള്ള പ്രലോഭനങ്ങളും കാട്ടി ആളെ കൂട്ടാൻ ടൂറിസം വാദികൾ ശ്രമിക്കുമ്പോഴും അത്തരം കെണികളെ കുറിച്ച് ബോധ്യമുള്ള ജനങ്ങൾ പ്രതിഷേധത്തിൻെറ വഴിയിൽ തന്നെയാണ്.

## പിള്ളപ്പാറ പ്ളാൻേറഷൻ വാലി ടൂറിസം പ്രൊജക്റ്റ്

സ്വകാര്യസംരംഭകർ അതിരപ്പിള്ളി മേഖലയിലെ വ്യാപാരസാധ്യതകൾ കണ്ടറിയുന്നതോടുകൂടിതന്നെയാണ് കേരളപ്ലാൻേറഷൻ കോർപ്പറേഷനും ടൂറിസം വ്യവസായത്തിനിറങ്ങുന്നത്. കോർപ്പറേഷൻെറ കാലടി പ്ലാൻേറഷൻസിലെ ഡിഡിവിഷനാണ് പിള്ളപ്പാറകൂടി ഉൾപ്പെടുന്ന വെറ്റിലപ്പാറ ഡിവിഷൻ. ചാലക്കുടി പുഴയുടെ വലതുകരയാണ് ഇവിടുത്തെ ആദ്യകൃഷി റബ്ബറായിരുന്നു.പിന്നീടത് വാഴകൃഷിയിലേക്കും 90കളുടെ ആദ്യത്തോടെ എണ്ണപനയിലേക്കും മാറി. നഷ്ടത്തിൻെറ വൻകണക്കുകൾമാത്രം ശേഷിപ്പിച്ച് എണ്ണപനകൾ നോക്കുകുത്തികളായപ്പോഴാണ് ഫാം ടൂറിസമെന്ന പുതിയ പദ്ധതി കോർപ്പറേഷൻ അവതരിപ്പിക്കുന്നത് . പുഴയുടെ ഏറ്റവും ദൃശ്യഭംഗിയുള്ള പിള്ളപാറയിലാണ് കോർപ്പറേഷൻ ഇതിനായി കണ്ടെത്തിയ സ്ഥലം.

പിള്ളപ്പാറയിലെ പുഴയോടുചേർന്നുള്ള ഭൂമിയിൽ ടൂറിസ്റ്റ് റിസോർട്ടുകളും കേൻറീനും സ്വിമ്മിംഗ് പൂളും കുട്ടികളുടെ പാർക്കും പുഴയിൽ ബോട്ടിങ്ങും അടക്കമുള്ള പദ്ധതികളാണ് ഈ ഫാം ടൂറിസം പദ്ധതിയിൽ നടപ്പിലാക്കാൻ പോകുന്നത്. അതിരപ്പിള്ളി വെള്ളച്ചാട്ടം തൊട്ട് പിള്ളപ്പാറവരെ റോപ്പ്വേ സവാരിയും കോർപ്പറേഷൻെറ പ്രൊജക്റ്റിലുണ്ട് .

## ഉയരുന്ന പ്രതിഷേധം

പിള്ളപ്പാറ ആദിവാസി കോളനിയിലെ നാല്പതോളം കുടുംബങ്ങളും മറ്റു സമീപവാസികളും കുടിവെള്ളത്തിനും കുളിക്കും മറ്റുമായി ആശ്രയിച്ചു പോന്നിരുന്നത് ചാലക്കുടി പുഴയെയാണ്. അവർക്കെല്ലാം പുഴയിലേക്കിറങ്ങുവാനുള്ള വഴികൂടിയാണ് പ്ലാൻേറഷൻ കോർപ്പറേഷൻ കമ്പിവേലിയിട്ട് പദ്ധതിക്കായി വേർതിരിച്ചത്, ഇതിനെതിരെ നടത്തിയ സമരത്തെ തുടർന്ന് പോലീസ് ആദിവാസികോളനിയിൽ കയറിയും മർദ്ദനം അഴിച്ചുവിട്ടിരുന്നു. ഒടുവിൽ ജില്ലാ കളക്ടറുടെ ഇടപ്പെടലിനെ തുടർന്ന് പുഴയിലേക്കുള്ള വഴി തുറന്നുകൊടുത്തെങ്കിലും ആദിവാസി സമിതി ഉന്നയിച്ച പല പ്രശ്നങ്ങൾക്കും പരിഹാരമായിട്ടില്ല. കുളിക്കടവിനടുത്ത് വരുന്ന റിസോർട്ടും പാർക്കും സ്വകാര്യതയെ നഷ്ടപ്പെടുത്തുന്നതോടൊപ്പം പുഴയിലെ ബോട്ടിങ്ങും മറ്റു ജലകേളികളും കുടിവെള്ളത്തെ മലിനമാക്കുമെന്നും അവർ ആരോപിക്കുന്നു. ആദിവാസി സമിതി ആരംഭിച്ച സമരത്തിൽ മനുഷ്യാവകാശ പരിസ്ഥിതി പ്രവർത്തകർ കൂടി അണിനിരന്നതോടെ പിള്ളപ്പാറ സമരം അതിരപ്പള്ളി മേഖലകളിലെ മൊത്തം ടൂറിസം വ്യവസായത്തിനെതിരായുള്ള സമരമായിത്തീർന്നിരിക്കുന്നു.

## പടരുന്ന ടൂറിസവും ഉയരുന്ന പ്രശ്നങ്ങളും

തദ്ദേശിയരായ ടൂറിസ്റ്റുകളെ കൂടാതെ വിദേശികളെ കൂടി ആകർഷിക്കാൻ തയ്യാറെടുത്തുകൊണ്ടുള്ളതാണ് അതിരപ്പള്ളി മേഖലയിൽ. പുതിയതായി വരാൻ പോകുന്ന നക്ഷത്ര സൗകര്യങ്ങളുള്ള റിസോർട്ടുകൾ. ഇടതടവില്ലാതെ അതിരപ്പിള്ളിയിലെത്തുന്ന ടൂറിസ്റ്റുകൾ ഇപ്പോഴെ നാട്ടുകാർക്കൊരു പേടിസ്വപ്നമാണ്. മദ്യകുപ്പികളും ഗ്ലാസും റോഡിൽ എറിഞ്ഞുടച്ച് ബൈക്കിൽ പാഞ്ഞുപോകുന്ന യുവാക്കളും കുടിച്ച് നിലതെറ്റി നാട്ടുകാരായ സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്ന ടൂറിസ്റ്റ് സംഘങ്ങളും ഈ പ്രദേശത്തിൻെറ സമാധാനത്തിനുമേൽ നിഴൽ വീഴ്ത്തി തുടങ്ങിയിട്ടുണ്ട്.

ടൂറിസ്റ്റ് തള്ളിക്കയറ്റത്തെ തുടർന്ന് വ്യാപകമാകുന്ന വ്യാജമദ്യവും മയക്കുമരുന്ന് കച്ചവടവും മറ്റ് അനാശാസ്യ പ്രവർത്തനങ്ങളും മറ്റൊരു കോവളമാക്കി അതിരപ്പിള്ളിയെ മാറ്റുമോ എന്ന ഭയത്തിലാണ് സാമൂഹ്യ പ്രവർത്തകർ. കഴിഞ്ഞ പത്തുവർഷത്തിനിടയിലെ പോലീസ് കണക്കുകൾ പരിശോധിക്കുമ്പോൾ അതിരപ്പിള്ളി മേഖലയിൽ നടന്ന കുറ്റകൃത്യങ്ങളിൽ ഭീമമായ വർദ്ധനവാണ് ഓരോ വർഷത്തിലും ഉണ്ടായിരിക്കുന്നത്. ആടിക്കാടുകളുടെ നാശവും വ്യാപകമാകുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളും വന മേഖലയായ ഇവിടത്തെ പരിസ്ഥിതിയെ മാറ്റി മറിക്കുന്നുമുണ്ട്. ടൂറിസ്റ്റ് കോലാഹലങ്ങൾക്കിടയിൽ കാടു വെളുപ്പിക്കലും ഈ മേഖലയിൽ നടക്കുന്നുണ്ട്.

## ചാലക്കുടി പുഴയുടെ പൂർണ്ണനാശം

കേരളത്തിലെ നദികളിൽ കുടിവെള്ള വിതരണ പദ്ധതികൾ ഏറ്റവും കൂടുതലുള്ള പുഴകളിലൊന്നാണ് ചാലക്കുടിപ്പുഴ. ചാലക്കുടി, കൊടുങ്ങല്ലൂർ എന്നീ ഗാർഹിക ജലവിതരണ പദ്ധതികളും പുത്തൻവേലിക്കര, മാളക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള ശുദ്ധ ജല വിതരണ പദ്ധതി എന്നിങ്ങനെ നാല് വലിയ കുടിവെള്ള പദ്ധതികൾ ഇതിലുണ്ട്. ഒട്ടേറെ ചെറിയ ജലവിതരണ പദ്ധതികളും ഈ പുഴയെ ആശ്രയിച്ച് നിലകൊള്ളുന്നു.

പശ്ചിമഘട്ട നിരകളിലെ തോട്ടങ്ങളിലും പുഴക്കിരുവശത്തുള്ള കൃഷിയിടങ്ങളിലും നടക്കുന്ന കീടനാശിനി പ്രയോഗവും ചാലക്കുടി പ്രദേശത്തെ നഗരഫാക്ടറിമാലിന്യങ്ങളും ഇപ്പോൾ തന്നെ ഈ പുഴയെ മലിനീകരിക്കുന്നുണ്ട്. പുഴയോരത്ത് വളർന്നുവരുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളും പ്രവർത്തനക്ഷമമാകുന്നതോടെ പെരിയാറിൻെറ കൈവഴിയായ ഈ പുഴ ഒരു അഴുക്കുചാലായി മാറും.

പുഴയോരത്തെ ജലകേളീ കേന്ദ്രങ്ങളിലെ മലിനീകരിക്കപ്പെട്ട വെള്ളവും, ബോട്ടിങ്ങും പുഴയിലെ മറ്റ് യാന്ത്രിക വിനോദങ്ങളും ഓയിൽ ഗ്രീസ് തുടങ്ങിയ മാലിന്യങ്ങൾ പുഴക്കു നൽകും. പുഴയോരത്തെ റസ്റ്റോറൻറുകളുടെയും ഹോട്ടലുകളുടേയും റിസോർട്ടുകളുടേയും സെപ്റ്റിക് ടാങ്കുകൾ വരെ പുഴയിലേക്ക് തുറക്കുമ്പോൾ ഇനിയൊരു തിരിച്ചെടുക്കൽ കഴിയാനാവാത്തവിധം പുഴ നമുക്ക് നഷ്ടപ്പെട്ടിരിക്കും.